*പത്രക്കുറിപ്പ്* *06.03.2017*

# 'വിശ്വാസത്തിലേക്കുള്ളഎത്തിനോട്ടം': വ്യത്യസ്ത സൃഷ്ടിയും അവതരണവുമായി അകി സസമോട്ടോ

കൊച്ചി: കിണർ പോലെ ഏഴടി ആഴത്തിൽ ഒരുകുഴി. അതിനു മുകളിൽകെട്ടിത്തൂക്കിയിട്ടിരിക്കുന്ന വലിയൊരു മര അലമാര, പിന്നെ ഭിത്തിയിൽ വലിയ അക്ഷരങ്ങളിൽ എഴുതിയിരിക്കുന്ന കുഴി എന്ന വാക്ക്. ന്യൂയോർക്കിൽ സ്ഥിരതാമസമാക്കിയ അകി സസോമോട്ടോയെന്ന ജാപ്പനീസ് കലാകാരിയുടെ ബിനാലെ സൃഷ്ടിയാണിത്. ഇതിന്റെ പേര്: വിശ്വാസത്തിലേയ്ക്കുള്ള എത്തിനോട്ടം.

കൊച്ചി-മുസിരിസ് ബിനാലെ തുടങ്ങിയ ആദ്യവാരം അകി സസോമോട്ടോയുടെ കലാപ്രകടനം ടികെഎം വെയർഹൗസിൽ നടന്നു. അതിൽ പ്രധാനമായും ഏഴടി ആഴമുള്ള കുഴിയിൽ ടാർപോളിൻ കെട്ടിയതിനുശേഷം അതിലിറങ്ങി ഉച്ചത്തിൽ സംസാരിച്ചുകൊണ്ട് ചാടുന്നു. കുഴിയിലെ അന്തരീക്ഷവും പുറത്തെ അന്തരീക്ഷവും തമ്മിലുള്ള വ്യത്യാസം ഇതിലൂടെ അറിയാമെന്നാണ് സസോമോട്ടോയുടെ ചിന്ത.

തന്റെ വീടും കലാസ്റ്റുഡിയോയുമെല്ലാം ഭൂമിക്കടിയിലാണെന്ന് സസോമോട്ടോ പറയുന്നു. അതിൽ നിന്നാണ് ഇങ്ങനെ ഒരുസൃഷ്ടിയും പ്രകടനവും എന്ന ആശയം ലഭിച്ചതെന്നും അവർ പറഞ്ഞു.

ഏഴടിയുള്ള ഈ കുഴി തന്റെ വീടോ കൊച്ചിയോ അല്ലെന്ന് അവർ ചൂണ്ടിക്കാട്ടി. ടാർപോളിനിൽ തുള്ളിച്ചാടുമ്പോൾ രണ്ട് ലോകങ്ങൾ തമ്മിലുള്ള അന്തരമാണ് മനസിലാകുന്നത്. അതുകൊണ്ടു തന്നെയാണ് 'വിശ്വാസത്തിലേക്കുള്ള എത്തിനോട്ട'മെന്ന് ഇതിന് പേരിട്ടിരിക്കുന്നത്.

തുടർച്ചയായ ചാട്ടത്തിലൂടെ കേരളത്തെ മനസിലാക്കാനാണ് താൻ ശ്രമിച്ചതെന്ന് അവർ പറഞ്ഞു. ഓരോ ചാട്ടത്തിലും താൻ പറയുന്ന കാര്യങ്ങൾ ഈ വീക്ഷണത്തിലുള്ളതാണ്. നിരവധി ആളുകൾ തന്റെ പ്രകടനം കാണാനെത്തിയിരുന്നു.

ചാട്ടത്തിനു ശേഷം ഭിത്തിയിൽ കരികൊണ്ട് മലയാളത്തിൽ കുഴി എന്നെഴുതിയാണ് സസോമോട്ടോ പ്രകടനം അവസാനിപ്പിക്കുന്നത്. നല്ല വടിവൊത്ത അക്ഷരത്തിലാണ് അവർ എഴുതുന്നതെന്നും ശ്രദ്ധേയമാണ്.

ചാടുന്നതിനു മുകളിലായി കെട്ടിത്തൂക്കിയിട്ടിരിക്കുന്ന അലമാര ചരിത്രത്തിന്റെ പ്രതീകമാണെന്ന് അവർ പറഞ്ഞു. താനില്ലാത്തപ്പോൾ തനിക്കു പകരമാണ് ഈ അലമാര. ചരിത്രം നമ്മുടെ തലയ്ക്ക് മുകളിലുണ്ടെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഇതെന്നും അവർ പറഞ്ഞു.

*1/1903, Kunnumpuram, Fort Kochi, Kerala –682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org*
*kochimuzirisbiennale.org*